**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 5231 23/05/2017-ലെ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ആർ.കെ.വി.വൈ പദ്ധതി**

**ചോദ്യം**

**ശ്രീ. കെ.വി.വിജയ ദാസ്**

**ഉത്തരം**

**ശ്രീ.വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആർ.കെ.വി.വൈ തുടങ്ങിയ കേന്ദ്രസഹായ പദ്ധതികളിലും സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതികളിലും ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിലേയ്ക്കായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതികളിൽ ഉൾപ്പെടുത്തി, ക്ഷീരവികസന വകുപ്പ് കോങ്ങാട് മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. തീറ്റപ്പുൽകൃഷി വികസനപദ്ധതി<br>2. മിൽക്ക് ഷെഡ് വികസന പദ്ധതി (കറവപ്പശുക്കളുടെ വിതരണം)<br>3. പാലിന്റെ ഗുണനിയന്ത്രണ പദ്ധതി<br>4. കാലിത്തീറ്റ സബ്സിഡി പദ്ധതി<br>5. ക്ഷീരസംഘങ്ങളുടെ നവീകരണം പദ്ധതി<br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുന്നില്ല. എന്നാൽ സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ കൃഷി ഭവൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു. വിവിധ പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയ്ക്ക് ലഭിക്കുന്ന ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ കോങ്ങാട് മണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിലും നടപ്പിലാക്കി വരുന്നു. 2017-18-ൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്. |

| | | | |
|---|---|---|---|
| | | | 1. നെൽകൃഷി വികസനം<br>2. പച്ചക്കറി കൃഷി വികസനം<br>3. നാളീകേര വികസനം<br>4. സുഗന്ധവിള വികസനം<br>5. അഗ്രോ സർവ്വീസ് സെന്ററുകൾ<br>6. ജൈവ കൃഷി<br>7. വിള ആരോഗ്യ പരിപാലനം<br>8. ഹൈടെക് കൃഷി<br>9. വിള ഇൻഷ്വറൻസ്<br>10. മണ്ണിന്റെ ആരോഗ്യ പരിപാലനം<br>11. കാർഷിക വിജ്ഞാന വ്യാപനം<br>12. പയറുവർഗ്ഗ/കിഴങ്ങുവർഗ്ഗ കൃഷി വികസനം.<br>2017-18ൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേന്ദ്ര പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. ആർ.കെ.വി.വൈ - നെൽകൃഷി വികസന പദ്ധതി<br>2. സോയിൽ ഹെൽത്ത്കാർഡ് പദ്ധതി<br>3. പി.എം.കെ.എസ്.വൈ - ജലസേചന സൗകര്യം ഉണ്ടാക്കുന്നതിനുള്ള പദ്ധതി<br>4. പി.കെ.വി.വൈ - ജൈവകൃഷി പ്രോത്സാഹനത്തിനുള്ള പദ്ധതി<br>5. കാർഷിക യന്ത്രവൽക്കരണം<br>6. കേന്ദ്രവിള ഇൻഷ്വറൻസ് പദ്ധതി<br>7. കേന്ദ്ര ബയോഗ്യാസ് പദ്ധതി<br>ഫിഷറീസ് വകുപ്പിന് കീഴിൽ 2017-18 വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ജല കൃഷി വ്യാപന പദ്ധതിയും പൊതു ജലാശയ |

| | | | |
|---|---|---|---|
| | | | ങ്ങളിൽ മത്സ്യക്കുഞ്ഞു നിക്ഷേപ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | മണ്ഡലത്തിലെ കൂർക്ക കൃഷിക്കാർ ഉൾപ്പെടെയുള്ള കർഷകർക്ക് പ്രയോജന പ്രദമാകുന്ന തരത്തിൽ പദ്ധതികൾക്ക് രൂപം നൽകുമോ? | (ബി) | കൂർക്ക കർഷകർക്ക് കിഴങ്ങ്വർഗ്ഗ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമാക്കുന്ന പദ്ധതി രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ